**പതിമൂന്നാം കേരള നിയമസഭ**

**പതിനഞ്ചാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ: 1592

04.12.2015-ൽ മറുപടിയ്ക്ക്

**കോഴിക്കോട് ജില്ലയിലെ പുതിയ മുനിസിപ്പാലിറ്റികൾ**

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.പി.ടി.എ.റഹീം | | ശ്രീ. മഞ്ഞളാംകുഴി അലി<br>(നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പ് മന്ത്രി) | |
| എ) | കോഴിക്കോട് ജില്ലയിൽ ഏതെല്ലാം പഞ്ചായത്തുകളാണ് പുതിയതായി മുനിസിപ്പാലിറ്റികളാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | എ) | കോഴിക്കോട് ജില്ലയിൽ നിന്നും മുനിസിപ്പാലിറ്റികളായി പരിവർത്തനം ചെയ്ത പഞ്ചായത്തുകളുടെ വിവരം ചുവടെ ചേർക്കുന്നു.<br>1. പയ്യോളി<br>2. രാമനാട്ടുകര<br>3. കൊടുവള്ളി<br>4. മുക്കം<br>5. ഫറോക്ക് |
| ബി) | പ്രസ്തുത മുനിസിപ്പാലിറ്റികളിൽ, നേരത്തേയുണ്ടായിരുന്ന ജീവനക്കാരെത്തന്നെ നിലനിർത്തുന്നത് സംബന്ധിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കമോ; | ബി) | പുതുതായി രൂപീകരിക്കപ്പെട്ട മുനിസിപ്പാലിറ്റികളിൽ നേരത്തേയുണ്ടായിരുന്ന പഞ്ചായത്ത് വകുപ്പിലെ ജീവനക്കാരെ നഗരകാര്യ വകുപ്പിൽ നിന്നും പകരം സംവിധാനം ഏർപ്പെടുത്തുന്നതുവരെ താത്ക്കാലികമായി നിലനിർത്തിക്കൊണ്ട് സർക്കാർ 31.10.2015 ലെ സ.ഉ.(കൈ)നം.333/2015/തസ്വഭവ പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പകർപ്പ് അനുബന്ധമായി ചേർക്കുന്നു. |
| സി) | പ്രസ്തുത മുനിസിപ്പാലിറ്റികളിൽ നഗരകാര്യ വകുപ്പിലെ ഉദ്യോഗസ്ഥരെ മാറ്റി നിയമിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ? | സി) | പുതുതായി രൂപീകരിക്കപ്പെട്ട മുനിസിപ്പാലിറ്റികളിൽ പുതിയ തസ്തികകൾ സൃഷ്ടിക്കുന്നതു സംബന്ധിച്ച അന്തിമ ഉത്തരവ് പുറപ്പെടുവിക്കുന്നതു വരെ നിലവിലുള്ള സംവിധാനം തുടരുന്നതാണ്. |

സെക്ഷൻ ഓഫീസർ

അനുബന്ധം

കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണം - പഞ്ചായത്ത് ജീവനക്കാര്യം - ഗ്രാമപഞ്ചായത്തുകളെ നഗരസഭകളിലും മുൻസിപ്പാലിറ്റികളിലും ലയിപ്പിക്കുന്നതും മുൻസിപ്പാലിറ്റികൾ രൂപീകരിക്കുന്നതും - പഞ്ചായത്ത് ജീവനക്കാരെ നിലനിറുത്തിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ(ഇപിഎ) വകുപ്പ്**

**സ.ഉ(കൈ) നം.333/ 2015/തസ്വഭവ തീയതി, തിരുവനന്തപുരം, 31.10.2015**

---

പരാമർശം:
1. സ.ഉ(അച്ചടി) നമ്പർ 152/2015/തസ്വഭവ തീയതി 30.04.2015
2. സ.ഉ(അച്ചടി) നമ്പർ 178/2015/തസ്വഭവ തീയതി 26.05.2015
3. സ.ഉ(അച്ചടി) നമ്പർ 146/2015/തസ്വഭവ തീയതി 30.04.2015
4. സ.ഉ(അച്ചടി) നമ്പർ 150/2015/തസ്വഭവ തീയതി 30.04.2015
5. സ.ഉ(അച്ചടി) നമ്പർ 148/2015/തസ്വഭവ തീയതി 30.04.2015
6. പഞ്ചായത്ത് ഡയറക്ടറുടെ 14/10/2015 & 28/10/2015 ലെ ഇ 8-32700/2015 നമ്പർ കത്തുകൾ.

## ഉത്തരവ്

പരാമർശം 1 മുതൽ 5 വരെയുള്ള ഉത്തരവുകൾ പ്രകാരം ചുവടെ പട്ടികയിൽ ചേർത്തിരിക്കുന്ന 6 ഗ്രാമപഞ്ചായത്തുകൾ കോർപ്പറേഷനുകളുമായി കൂട്ടിച്ചേരുകയും 31 ഗ്രാമപഞ്ചായത്തുകൾ മുൻസിപ്പാലിറ്റികളായി മാറി 01/11/2015 പ്രാബല്യത്തിൽ നിലവിൽ വരുന്നതുമാണ്.

| ക്രമ നമ്പർ | ഗ്രാമപഞ്ചായത്തിന്റെ പേര് | ജില്ല |
|---|---|---|
| **കൊല്ലം മുൻസിപ്പൽ കോർപ്പറേഷനോട് കൂട്ടിച്ചേർക്കുന്ന ഗ്രാമപഞ്ചായത്ത്** | | |
| 1 | തൃക്കടവൂർ ഗ്രാമപഞ്ചായത്ത് | കൊല്ലം |
| **കണ്ണൂർ മുൻസിപ്പൽ കോർപ്പറേഷനോട് കൂട്ടിച്ചേർക്കുന്ന ഗ്രാമപഞ്ചായത്തുകൾ** | | |
| 2 | പള്ളിക്കുന്ന് ഗ്രാമപഞ്ചായത്ത് | കണ്ണൂർ |
| 3 | പുഴാതി ഗ്രാമപഞ്ചായത്ത് | കണ്ണൂർ |
| 4 | എടക്കാട് ഗ്രാമപഞ്ചായത്ത് | കണ്ണൂർ |

| | | |
|---|---|---|
| 5 | എളയാവൂർ ഗ്രാമപഞ്ചായത്ത് | കണ്ണൂർ |
| 6 | ചേലോറ ഗ്രാമപഞ്ചായത്ത് | കണ്ണൂർ |

**സിപ്പാലിറ്റികളായി മാറുന്ന ഗ്രാമപഞ്ചായത്തുകൾ**

| | | |
|---|---|---|
| 7 | കൊട്ടാരക്കര ഗ്രാമപഞ്ചായത്ത് | കൊല്ലം |
| 8 | പന്തളം ഗ്രാമപഞ്ചായത്ത് | പത്തനംതിട്ട |
| 9 | ഹരിപ്പാട് ഗ്രാമപഞ്ചായത്ത് | ആലപ്പുഴ |
| 10 | ഏറ്റുമാനൂർ ഗ്രാമപഞ്ചായത്ത് | കോട്ടയം |
| 11 | ഈരാറ്റുപേട്ട ഗ്രാമപഞ്ചായത്ത് | കോട്ടയം |
| 12 | കട്ടപ്പന ഗ്രാമപഞ്ചായത്ത് | ഇടുക്കി |
| 13 | പിറവം ഗ്രാമപഞ്ചായത്ത് | എറണാകുളം |
| 14 | കൂത്താട്ടുകുളം ഗ്രാമപഞ്ചായത്ത് | എറണാകുളം |
| 15 | മുണ്ടത്തിക്കോട് ഗ്രാമപഞ്ചായത്ത് | തൃശ്ശൂർ |
| 16 | വടക്കാഞ്ചേരി ഗ്രാമപഞ്ചായത്ത് | തൃശ്ശൂർ |
| 17 | പട്ടാമ്പി ഗ്രാമപഞ്ചായത്ത് | പാലക്കാട് |
| 18 | ചെർപ്പുളശ്ശേരി ഗ്രാമപഞ്ചായത്ത് | പാലക്കാട് |
| 19 | മണ്ണാർക്കാട് ഗ്രാമപഞ്ചായത്ത് | പാലക്കാട് |
| 20 | താനൂർ ഗ്രാമപഞ്ചായത്ത് | മലപ്പുറം |
| 21 | പരപ്പനങ്ങാടി ഗ്രാമപഞ്ചായത്ത് | മലപ്പുറം |
| 22 | തിരൂരങ്ങാടി ഗ്രാമപഞ്ചായത്ത് | മലപ്പുറം |
| 23 | വളാഞ്ചേരി ഗ്രാമപഞ്ചായത്ത് | മലപ്പുറം |
| 24 | കൊണ്ടോട്ടി ഗ്രാമപഞ്ചായത്ത് | മലപ്പുറം |
| 25 | നെടിയിരിപ്പ് ഗ്രാമപഞ്ചായത്ത് | മലപ്പുറം |
| 26 | പയ്യോളി ഗ്രാമപഞ്ചായത്ത് | കോഴിക്കോട് |
| 27 | രാമനാട്ടുകര ഗ്രാമപഞ്ചായത്ത് | കോഴിക്കോട് |
| 28 | ഫറോക്ക് ഗ്രാമപഞ്ചായത്ത് | കോഴിക്കോട് |
| 29 | കൊടുവള്ളി ഗ്രാമപഞ്ചായത്ത് | കോഴിക്കോട് |
| 30 | മുക്കം ഗ്രാമപഞ്ചായത്ത് | കോഴിക്കോട് |
| 31 | മാനന്തവാടി ഗ്രാമപഞ്ചായത്ത് | വയനാട് |
| 32 | സുൽത്താൻബത്തേരി ഗ്രാമപഞ്ചായത്ത് | വയനാട് |
| 33 | കീഴൂർ-ചാവശ്ശേരി ഗ്രാമപഞ്ചായത്ത് | കണ്ണൂർ |

| | | |
|---|---|---|
| 34 | പാനൂർ ഗ്രാമപഞ്ചായത്ത് | കണ്ണൂർ |
| 35 | പെരിങ്ങളം ഗ്രാമപഞ്ചായത്ത് | കണ്ണൂർ |
| 36 | കരിയാട് ഗ്രാമപഞ്ചായത്ത് | കണ്ണൂർ |
| 37 | ശ്രീകണ്ഠാപുരം ഗ്രാമപഞ്ചായത്ത് | കണ്ണൂർ |

ഗ്രാമപഞ്ചായത്തുകളെ നഗരസഭകളിലും മുൻസിപ്പാലിറ്റികളിലുമായി ലയിപ്പിക്കുന്നതിനെത്തുടർന്ന് അനുബന്ധമായി ചേർത്തിരിക്കുന്ന ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള 759 എണ്ണം പഞ്ചായത്ത് ജീവനക്കാരെ നിലനിറുത്തുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് അഭ്യർത്ഥിച്ച് പഞ്ചായത്ത് ഡയറക്ടർ പരാമർശം 6 ലെ 28.10.2015 ലെ കത്ത് പ്രകാരം പ്രൊപ്പോസൽ സമർപ്പിച്ചിരിക്കുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പഞ്ചായത്ത് ഡയറക്ടറുടെ പ്രൊപ്പോസലിന്റെ അടിസ്ഥാനത്തിൽ അധികമായി വരുന്ന പഞ്ചായത്ത് വകുപ്പിലെ ജീവനക്കാരെ ചുവടെ ചേർക്കുംവിധം ഒരു താൽക്കാലിക സംവിധാനമെന്നോണം നിലനിറുത്തി ഉത്തരവാകുന്നു.

1) കൊല്ലം, കണ്ണൂർ എന്നീ മുൻസിപ്പൽ കോർപ്പറേഷനുകളോട് കൂട്ടിച്ചേർക്കപ്പെടുന്ന 6 ഗ്രാമപഞ്ചായത്തുകളെ ബന്ധപ്പെട്ട കോർപ്പറേഷന്റെ സോണൽ ഓഫീസുകളായി നിലനിറുത്തുകയും പ്രസ്തുത ഗ്രാമപഞ്ചായത്തുകളിലെ ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാരെ താൽക്കാലിക സംവിധാനം എന്ന നിലയിൽ അവർ നിലവിൽ സേവനമനുഷ്ഠിക്കുന്ന ഗ്രാമപഞ്ചായത്ത് കാര്യാലയം നഗരസഭാ സോണൽ ഓഫീസായി പരിവർത്തനം ചെയ്യുമ്പോൾ പ്രസ്തുത സോണൽ ഓഫീസിന്റെ അധിക പൂർണ്ണ അധികച്ചുമതല അതത് പഞ്ചായത്ത് സെക്രട്ടറിമാർക്ക് നല്കുന്നു. പ്രസ്തുത ഗ്രാമപഞ്ചായത്തുകളിലെ അസിസ്റ്റന്റ് സെക്രട്ടറി, ജൂനിയർ സൂപ്രണ്ട് തുടങ്ങി താഴോട്ടുള്ള മുഴുവൻ ഉദ്യോഗസ്ഥരും നഗരകാര്യവകുപ്പിൽ നിന്നും പകരം സംവിധാനം ഏർപ്പെടുത്തുന്നതു വരെ അതത് സോണൽ ഓഫീസുകളിൽ തന്നെ തല്ക്കാലം വർക്കിംഗ് അറേഞ്ച്മെന്റ് വ്യവസ്ഥയിൽ തുടരാവുന്നതാണ്.

2) 27 മുൻസിപ്പാലിറ്റികളായി മാറുന്ന 31 ഗ്രാമപഞ്ചായത്തുകളിലെ ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാരെ അതത് മുൻസിപ്പാലിറ്റികളിലെ മുൻസിപ്പൽ സെക്രട്ടറിമാരുടെ

പൂർണ്ണ അധികചുമതല നല്കുന്നു. പ്രസ്തുത ഗ്രാമപഞ്ചായത്തുകളിലെ അസിസ്റ്റന്റ് സെക്രട്ടറി/ ജൂനിയർ സൂപ്രണ്ട് തുടങ്ങി താഴോട്ടുള്ള മുഴുവൻ ഉദ്യോഗസ്ഥരെയും നഗരകാര്യവകുപ്പിൽ നിന്നും പകരം സംവിധാനം ഏർപ്പെടുത്തുന്നത് വരെ അതത് മുൻസിപ്പാലിറ്റികളിൽ തന്നെ താല്കാലം വർക്കിംഗ് അറേഞ്ച്മെന്റ് വ്യവസ്ഥയിൽ നില നിറുത്തുന്നു.

3) പ്രസ്തുത ജീവനക്കാരുടെ ശമ്പളം പഞ്ചായത്ത് വകുപ്പിന്റെ ശീർഷകത്തിൽ നിന്നും തല്കാലത്തേക്ക് വകയിരുത്തേണ്ടതും പിന്നീട് ടി തുക പുതുതായി രൂപീകരിക്കുന്ന മുൻസിപ്പാലിറ്റികളിൽ നിന്നും പുതുതായി കൂട്ടിച്ചേർക്കപ്പെട്ട മുൻസിപ്പൽ കോർപ്പറേഷനുകളിൽ നിന്നും തിരിച്ച് പിടിക്കുന്നതുമാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

ജെയിംസ് വർഗ്ഗീസ്
ഗവ.പ്രിൻസിപ്പൽ സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
നഗരകാര്യവകുപ്പ് ഡയറക്ടർ, തിരുവനന്തപുരം
എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർക്കും( പഞ്ചായത്ത് ഡയറക്ടർ മുഖാന്തിരം)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ)/ ഓഡിറ്റ്, കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എൽ.ബി. എ &എ), തിരുവനന്തപുരം
ഡയറക്ടർ, ലോക്കൽ ഫണ്ട് ഓഡിറ്റ്, തിരുവനന്തപുരം.
ഡയറക്ടർ, ഐ.കെ.എം ( സർക്കാരിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
കരുതൽ ഫയൽ / ആഫീസ് പകർപ്പ്

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ